# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 12 | 2016 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

---

**ദർശന സമയം കൂട്ടിയത് ഭക്തർക്ക് അനുഗ്രഹമാവുന്നു**

ശബരിമല: ശബരിമല ക്ഷേത്രത്തിൽ ദർശനസമയം കൂട്ടിയത് ഭക്തർക്ക് അനുഗ്രഹമാവുന്നു. ഈ മണ്ഡല-മകര വിളക്ക് കാലം മുതലാണ് ദർശനസമയം കൂട്ടിയതെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു. ദർശന സമയം കൂട്ടിയതിലൂടെ അയ്യപ്പൻമാർക്ക് മെച്ചപ്പെട്ട രീതിയിൽ ദർശനം നടത്താൻ കഴിയുന്നുണ്ടെന്നും ഇത് പൊതുവേ തിരക്ക് കുറയ്ക്കാൻ സഹായിച്ചതായും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ സീസണിൽ പുലർച്ചെ നാല് മണിക്കായിരുന്നു നിർമാല്യ ദർശനത്തിനായി നട തുറന്നിരുന്നത്. ഇപ്പോൾ മൂന്ന് മണിക്ക് നട തുറന്ന് 3.05ന് നിർമാല്യ ദർശനം തുടങ്ങും. രാവിലെ 3.30ന് ഗണപതി ഹോമം നടത്തും. നെയ്യഭിഷേകം പുലർച്ചെ 3.30ന് തുടങ്ങും. ഇത് രാവിലെ ഏഴ് മണി വരെ നീണ്ടുനിൽക്കും. തുടർന്ന് രാവിലെ 7.30ന് ഉഷഃപൂജക്ക് ശേഷം രാവിലെ 8.30 മുതൽ 11 മണിവരെയും നെയ്യഭിഷേകം നടക്കും. രാവിലെ 11.10ന് നെയ്ത്തോണിയിൽ അയ്യപ്പൻമാർ സമർപ്പിക്കുന്ന നെയ്യ് കൊണ്ടുള്ള അഭിഷേകം നടക്കും. 12.30ന് ഉച്ച പൂജയ്ക്ക് ശേഷം ഒരു മണിക്ക് നടയടയ്ക്കുന്നു. മുമ്പ് വൈകീട്ട് നാല് മണിക്ക് നട തുറന്നിടത്ത് ഇപ്പോൾ മൂന്ന് മണിക്ക് നട തുറക്കുന്നു. രാത്രി 10.50ന് ഹരിവരാസനം പാടി 11 മണിക്കാണ് നട അടയ്ക്കുന്നത്.

**ശബരിമലയിൽ 41 ആദിവാസികൾക്ക് ദേവസ്വം ബോർഡ് ജോലി നൽകി**

ശബരിമല: ശബരിമല ക്ഷേത്രത്തിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട 41 പേർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് താൽക്കാലിക ജോലി നൽകിയതായി പ്രസിഡൻറ് പ്രയാർ ഗോപാലകൃഷ്ണൻ അറിയിച്ചു. ശബരിമലക്കു ചുറ്റുമുള്ള 18 മലകളിൽ താമസിക്കുന്ന ആദിവാസികളുടെ വിവരം ശേഖരിച്ച് അവർക്ക് കഴിഞ്ഞ ഓണത്തിന് പുതുവസ്ത്രങ്ങൾ നൽകിയിരുന്നു. 18 മലകളിലെയും ആദിവാസി കോളനികൾ സന്ദർശിച്ച് ഊരുമൂപ്പൻമാരുമായി കൂടിക്കാഴ്ച നടത്തിയതും ദേവസ്വം പ്രസിഡൻറ് അനുസ്മരിച്ചു.

**ശബരിമലയിൽ താൽക്കാലിക ജോലിക്ക് അപേക്ഷിക്കാം**

ശബരിമല: ശബരിമല ക്ഷേത്രത്തിലെ മണ്ഡലം-മകര വിളക്ക് ഉത്സവത്തോടനുബന്ധിച്ച് അന്നദാനം, ചുക്കുവെള്ള വിതരണം എന്നീ വിഭാഗങ്ങളിൽ ദിവസ വേതന വ്യവസ്ഥയിൽ ജോലി നോക്കുവാൻ താൽപര്യമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. 18നും 60 വയസിനും മധ്യേ പ്രായമുള്ള ഹൈന്ദവ യുവാക്കളാവണം അപേക്ഷകർ. പാസ്പോർട്ട്സൈസ് ഫോട്ടോ, പൊലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, വയസ്, മതം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ഡിസംബർ 15ന് വൈകീട്ട് അഞ്ചിന് മുമ്പായി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തിരുവനന്തപുരം നന്തൻകോട്ടെ ചീഫ് എൻജിനീയറുടെ ഓഫീസിൽ നേരിട്ട് ഹാജരാവണം. ഫോൺ: 0471 2318874

## പ്രശസ്ത ഡ്രമ്മർ ശിവമണി (ഡിസംബർ 13) ഇന്ന് സന്നിധാനത്ത്

ശബരിമല: ശബരിമല ക്ഷേത്രം ശ്രീധർമശാസ്ത ഓഡിറ്റോറിയത്തിൽ ഇന്ന് (ഡിംസബർ 13) ലോക പ്രശസ്ത ഡ്രമ്മർ ശിവമണിയുടെ ഡ്രം വായന അരങ്ങേറും. ചെന്നൈ സ്വദേശിയായ ശിവമണി മുമ്പും സന്നിധാനത്ത് പരിപാടി അവതരിപ്പിച്ചിട്ടുണ്ട്. വൈകീട്ട് ഏഴ് മണി മുതൽ വെട്ടികുളങ്ങര ചേപ്പാട് ഹേമാംബിക കുത്തിയോട്ട സമിതി അവതരിപ്പിക്കുന്ന കുത്തിയോട്ടവും എട്ട് മണിക്ക് അർജുൻ അതരിപ്പിക്കുന്ന ഭരതനാട്യവും അരങ്ങേറും.

## സന്നിധാനത്ത് വൈക്കം ബിജുവിന്റെ പുല്ലാങ്കുഴൽ നാദധാര

ശബരിമല: ശബരിമല ക്ഷേത്രത്തിലെ ശ്രീധർമശാസ്ത ഓഡിറ്റോറിയത്തിൽ അരങ്ങേറിയ പുല്ലാങ്കുഴൽ കച്ചേരി തിരക്കിനിടയിലും അയ്യപ്പൻമാർക്ക് അനുഗ്രഹധാരയായി. വൈക്കം ബിജുവാണ് അയ്യപ്പഭക്തിഗാനങ്ങളടങ്ങിയ പുല്ലാങ്കുഴൽ കച്ചേരി അവതരിപ്പിച്ചത്. ഓഡിറ്റോറിയത്തിന് മുന്നിലുള്ള നടപ്പന്തലിൽ ദർശനത്തിനായി വരിനിന്ന അയ്യപ്പൻമാർ പുല്ലാങ്കുഴൽ കച്ചേരി ആസ്വദിച്ചു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.